പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3807

21.06.2018 - ൽ മറുപടിക്ക്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലത്ത് വ്യവസായങ്ങൾ**

<u>ചോദ്യം</u>
ശ്രീ. അനിൽ അക്കര

<u>മറുപടി</u>
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്ഥലം ഉപയോഗപ്പെടുത്തി അവർക്ക് കൂടി പങ്കാളിത്തമുള്ള പി.പി.പി. മോഡൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ വ്യവസായ വകുപ്പ് ആലോചിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ; | (എ) : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ സ്ഥലം ഉപയോഗപ്പെടുത്തി അവർക്ക് കൂടി പങ്കാളിത്തമുള്ള പി.പി.പി. മോഡൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 200 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; എത്ര ഏക്കർ സ്ഥലമുണ്ടെന്നാണ് വ്യവസായ വകുപ്പിന് അറിവുള്ളത് ; | (ബി) : ഉണ്ട്. വ്യവസായാവശ്യത്തിന് ഏറ്റെടുത്തിട്ട് ഉപയോഗിക്കാതെ കിടക്കുന്ന 106.31 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥലത്ത് ഏതൊക്കെ തരത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ? | (സി) : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന ഭൂമിയിൽ അവരുടെ പങ്കാളിത്തത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ആഭ്യന്തര റോഡുകളുടെ നിർമ്മാണം, പൊതു സൗകര്യ കേന്ദ്രങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ പ്രസ്തുത ഭൂമിയിൽ ഏർപ്പെടുത്തി അർഹരായ സംരംഭകർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകുവാൻ ഉദ്ദേശിക്കുന്നു. ഈ വർഷം നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

ഷഷ/18/06